<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ് ഐ എ എസ് )

തിരുവനന്തപുരം,
ഉത്തരവ് നം.
തീയതി. 24/03/2020

---

വിഷയം: സാമൂഹ്യനീതിവകുപ്പ് - ട്രാൻസ്ജെൻഡർ ക്ഷേമം - സപ്ലൈകോ മുഖേന ഭക്ഷ്യധാന്യ കിറ്റ് വിതരണം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ 23.03.2020 ലെ സ 2/9301/2020 നം കത്ത്

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനഭീഷണി നിലനിൽക്കുന്ന പശ്ചാത്തലത്തിലും സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെട്ട വ്യക്തികളുടെ സാമൂഹ്യ അവസ്ഥ പരിഗണിച്ചും അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനു ആവശ്യമായ സാഹചര്യം ഒരുക്കേണ്ടതുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപെട്ട വ്യക്തികൾക്ക് ആരോഗ്യ-സാമൂഹ്യ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി സപ്ലൈക്കോ മുഖേന അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം സാധനങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യധാന്യ കിറ്റുകൾ അതാത് ജില്ലാതല ജസ്റ്റിസ് കമ്മിറ്റി അംഗങ്ങളുടെ സഹകരണത്തോടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

<u>ഒരു കിറ്റിൽ ഉൾപ്പെടുത്തിയ ഭക്ഷ്യ വസ്തുക്കളുടെ വിശദാംശം</u>

1. ഗുണമേന്മയുള്ള അരി - 5 Kg
2. ചെറു പയർ - 1 kg
3. വെളിച്ചെണ്ണ - 500ml
4. പഞ്ചസാര - 1 kg
5 ആട്ട - 1 kg
6. തേയിലപ്പൊടി - 500 g

സപ്ലൈകോയുടെ ജില്ലാതല ഓഫീസ്/ഔട്ട് ലെറ്റുമായി ജില്ലാ

Scanned with CamScanner

സാമൂഹ്യനീതി ഓഫീസർമാർ അടിയന്തിരമായി ബന്ധപ്പെടേണ്ടതും ഇതിലേക്കാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ് .സംസ്ഥാനത്ത് നിലനിൽക്കുന്ന ജാഗ്രതാനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അടിയന്തര സാഹചര്യം കണക്കിലെടുത്തും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ജില്ലാ ഓഫീസറുടെ മേൽനോട്ടത്തിൽ ഭക്ഷ്യ ധാന്യകിറ്റുകൾ വിതരണം ചെയ്യുകയും ആയത് ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ് .
2. ജില്ലാ ജസ്റ്റിസ് കമ്മിറ്റികളുടെയും CBO കളുടെയും സഹകരണത്തോടെ സമയബന്ധിതമായി കിറ്റുകൾ വിതരണം ചെയ്യേണ്ടതും ഗുണഭോക്താക്കളുടെ ലിസ്റ്റ്, കൈപ്പറ്റിയ രസീത്, എന്നിവയുടെ പകർപ്പ് വിതരണം പൂതിയായ ശേഷം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
3. ഗുണഭോക്താക്കളുടെ ഐ.ഡി കാർഡ്, ഐ.ഡി ലഭിക്കാത്തവർക്ക് സ്ക്രീനിംഗ് രേഖകൾ/അപേക്ഷ സമർപ്പിച്ച രേഖകൾ എന്നിവ പരിശോധിച്ച ശേഷം കിറ്റുകൾ വിതരണം ചെയ്യാവുന്നതാണ്.

3. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നൽകിയിരിക്കുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുമാത്രം കിറ്റ് വിതരണം ചെയ്യെണ്ടതാണ്. അനാവശ്യമായ തിരക്ക് ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുന്നതിനൊപ്പം 5 പേരിൽ കൂടുതൽ ഒരേ സമയം കിറ്റ് സ്വീകരിക്കുവാൻ ഓഫീസിൽ കൂടി നിൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .
4. സപ്ലൈകോ ഔട്ട് ലൈറ്റിൽ നിന്നും ജില്ലാ ഓഫീസറോ ജില്ലാ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഭക്ഷ്യധാന്യ കിറ്റുകൾ രേഖാമൂലം കൈപ്പറ്റേണ്ടതാണ്.
5. ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണം പൂർത്തിയായതിനുശേഷം ഇത് സംബന്ധിച്ച റിപ്പോർട്ട് മറ്റ് അനുബന്ധ രേഖകൾ എന്നിവ സാ.നീ.ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
6. വിഷയത്തിൻറെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഭക്ഷ്യധാന്യ കിറ്റുകൾ സമയബന്ധിതമായും പരാതിക്ക് ഇടയില്ലാത്ത വിധവും വിതരണം ചെയ്യേണ്ട പൂർണ്ണമായ ചുമതല അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും. ഇതിലേക്കായി ജില്ലാ ജസ്റ്റിസ് കമ്മിറ്റിയിലെ കമ്മ്യൂണിറ്റി പ്രതിനിധികളുടെ സേവനം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പൂർണമായും പ്രയോജനപ്പെടുത്തേണ്ടാതാണ് .
7. ഓരോ ജില്ലയിലും ടിജി ഐ ഡി കാർഡ് ഉള്ളവർ/ ഐ ഡി

Scanned with CamScanner

**File No.SJD/1575/2020-C4**

കാർഡിനായി അപേക്ഷ സ്ക്രീനിംഗ് കഴിഞ്ഞവർ/ അപേക്ഷ നൽകിയവർ എന്നിവർക്കാണ് ഭക്ഷ്യധാന്യ കിറ്റുകൾ അനുവദിച്ചിരിക്കുന്നത്. ഓരോ ജില്ലക്കും അനുവദിച്ച കിറ്റുകളുടെ എണ്ണം ഗുണഭോക്താക്കളുടെ വിശദവിവരം എന്നിവ അനുബന്ധമായി ചേർക്കുന്നു

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>പകർപ്പ്:</u>

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2. വെബ് സൈറ്റ്
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Scanned with CamScanner